ഗുരുവായൂരിൽ പ്രത്യേക ക്ലിനിക്ക്

103(2571) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിന്റെ പ്രത്യേകത കണക്കിലെടുത്ത് പ്രത്യേക ക്ലിനിക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഓരോ വർഷവും മുന്നു കോടി ജനങ്ങൾ എത്തുന്ന ഈ നഗരത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ക്ലിനിക്ക് തുടങ്ങുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ഗുരുവായൂരിന് 4 കിലോമീറ്റർ ചുറ്റളവിലായി 140 കിടക്കകളോടുകൂടിയ ചാവക്കാട് താലൂക്കാശുപത്രിയും 48 കിടക്കകളോടുകൂടിയ വടക്കേക്കാട് സാമൂഹികാരോഗ്യകേന്ദ്രവും പ്രതിദിനം ശരാശരി 150 ഒ.പി.-യുള്ള പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒന്നര കിലോമീറ്റർ ചുറ്റളവിനകത്ത് ഗുരുവായൂർ നഗരസഭയുടെ മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

104(2572) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം നാളിതുവരെ എത്ര പേർ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്; ആയതിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, നാളിതുവരെ ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പനശാലകൾ, മറ്റ് സർക്കാർ/സഹകരണ ഭക്ഷ്യോൽപ്പന്ന വിപണന ശാഖകൾ വഴി ഭക്ഷ്യ വിഷബാധയേറ്റ് എത്ര പേർ മരണപ്പെട്ടു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; എത്രപേർ രോഗബാധിതരായി; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് എത്ര റെയ്ഡുകൾ നടത്തി; എന്ത് തുക പിഴയിനത്തിൽ ഈടാക്കി; ഇതുമായി ബന്ധപ്പെട്ട് എത്ര കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒരിക്കൽ കുറ്റക്കാരായി കണ്ടെത്തുകയും നടപടികൾക്കു വിധേയരാവുകയും ചെയ്തവർ വീണ്ടും കുറ്റക്കാരായി കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ ഭക്ഷ്യ സുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ എത്ര; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(എഫ്) അന്യസംസ്ഥാന ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ നിലവിൽ എത്ര ലാബുകളാണ് സംസ്ഥാനത്ത് ഉള്ളത് എന്നും എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ: പ്രസ്തുത ലാബുകളിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു; 3.33 കോടി ജനതയുള്ള ഈ സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ ഇത്രയും ജീവനക്കാർ മതിയോ; വിശദമാക്കുമോ ?

ഉത്തരം

(എ)

ജില്ലയുടെ പേര്	രജിസ്ട്രേഷന്റെ എണ്ണം	ലൈസൻസിന്റെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	17711	7473
കൊല്ലം	11700	3993
പത്തനംതിട്ട	3500	1526
ആലപ്പുഴ	3263	1368
കോട്ടയം	10890	2758

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ഇടുക്കി	7744	1289
എറണാകുളം	26318	10403
തൃശ്ശൂർ	5014	1203
മലപ്പുറം	13407	2096
പാലക്കാട്	5427	1162
കോഴിക്കോട്	22249	6175
വയനാട്	10219	1192
കണ്ണൂർ	18308	3665
കാസർഗോഡ്	5930	1140
ആകെ	142846	42185

(ബി)

ജില്ലയുടെ പേര്	മരിച്ചവരുടെ എണ്ണം	അസുഖബാധിതരായവരുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	1	ഇല്ല
കൊല്ലം	ഇല്ല	40
പത്തനംതിട്ട	ഇല്ല	21
ആലപ്പുഴ	ഇല്ല	ഇല്ല
കോട്ടയം	ഇല്ല	ഇല്ല
ഇടുക്കി	ഇല്ല	ഇല്ല
എറണാകുളം	ഇല്ല	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
തൃശ്ശൂർ	ഇല്ല	ഇല്ല
മലപ്പുറം	ഇല്ല	ഇല്ല
പാലക്കാട്	ഇല്ല	ഇല്ല
കോഴിക്കോട്	ഇല്ല	ഇല്ല
വയനാട്	ഇല്ല	ഇല്ല
കണ്ണൂർ	ഇല്ല	ഇല്ല
കാസർഗോഡ്	ഇല്ല	ഇല്ല

(സി)

ജില്ലയുടെ പേര്	റെയ്ഡുകളുടെ എണ്ണം	ഈടാക്കിയ പിഴ (രൂപ)	റദ്ദാക്കപ്പെട്ട ലൈസൻസുകളുടെ എണ്ണം
(1)	(2)	(3)	(4)
തിരുവനന്തപുരം	1904	1060000	1
കൊല്ലം	2400	1036000	...
പത്തനംതിട്ട	2207	600000	8
ആലപ്പുഴ	1314	597500	...
കോട്ടയം	500	550000	...
ഇടുക്കി	2026	793550	...
എറണാകുളം	3348	1713000	...
തൃശ്ശൂർ	494	584000	...

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
മലപ്പുറം	301	1357000	...
പാലക്കാട്	974	434000	...
കോഴിക്കോട്	3150	1285000	...
വയനാട്	236	...	...
കണ്ണൂർ	1285	583500	...
കാസർഗോഡ്	988	799500	...
ആകെ	20826	10036050	9

(ഡി)

ജില്ല	കുറ്റം ആവർത്തിച്ച സ്ഥാപനങ്ങളുടെ എണ്ണം	സ്ഥാപനങ്ങൾ	സ്വീകരിച്ച നടപടി
കൊല്ലം	3	1. നിറപറ കമ്പനി, കാലടി 2. എസ്.എസ്. ഇൻഡസ്ട്രീസ്, കൊല്ലം, 3. ബിസ്മി ബേക്കറി, പൊൻമല, മലപ്പുറം	1-ഉം 2-ഉം സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷനും മൂന്നാമത്തെ സ്ഥാപനത്തിനെതിരെ പ്രോസിക്യൂഷൻ നടപടിയും നടന്നു വരുന്നു.
ഇടുക്കി	2	1. ഹോട്ടൽ ഗോൾഡൻ പാമ്പനാർ 2. ഹോട്ടൽ വുഡ് ലാന്റ്സ്, തൊട്ടുപുഴ	രണ്ടാം തവണ ഫൈൻ ഇരട്ടി ഈടാക്കി

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ ഭക്ഷ്യസുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയിട്ടില്ല.

(എഫ്) അന്യസംസ്ഥാന ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മൂന്ന് അനലറ്റിക്കൽ ലാബുകളും കൂടാതെ പത്തനംതിട്ടയിൽ ഒരു ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബുകളിൽ 102 ജീവനക്കാർ ജോലി നോക്കുന്നു. ലാബുകളിലെ ജീവനക്കാരുടെ കുറവ് കണക്കിലെടുത്ത് 6-10-2015-ലെ സ.ഉ (കൈ) 227/15/ആ.ക.വ. പ്രകാരം വിവിധ വിഭാഗങ്ങളിലായി 15 തസ്തികകൾ മൂന്ന് അനലിറ്റിക്കൽ ലാബുകളിലായി സൃഷ്ടിച്ചിട്ടുണ്ട്. അനലിറ്റിക്കൽ ലാബുകൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറവിലങ്ങാട് ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച്

105(2573) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസ് വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതുമൂലം പ്രവർത്തിക്കാനാകാത്തതായ സ്ഥിതിവിശേഷം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഇവിടേക്ക് മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; പ്രസ്തുത ഓഫീസിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ഇടത്താവളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കി കൂടുതൽ ജീവനക്കാരെ ഇവിടേക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലാ ഫുഡ് സേഫ്റ്റി സർക്കിളിലെ ഉദ്യോഗസ്ഥന് അധിക ചുമതല നൽകി കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കുറവിലങ്ങാട് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ പുതുതായി അനുവദിച്ച ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തനസജ്ജമാക്കുന്നതിലേക്കായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ഇടത്താവളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കി ശബരിമല സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly